# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3440**

**21-12-2012 ൽ മറുപടിയ്ക്ക്**

## കൊല്ലം ജില്ലയിലെ പൂതക്കുളം വാട്ടർഷെഡ് പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ പൂതക്കുളം വാട്ടർഷെഡ് പദ്ധതിക്കായി എന്തു തുകയാണ് അനുവദിച്ചതെന്നും, എന്നാണ് പദ്ധതി പ്രവർത്തനം ആരംഭിച്ചതെന്നും അറിയിക്കുമോ ; | (എ) കേന്ദ്രസർക്കാരിന്റെ ദേശീയ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെട്ടതാണ് പൂതക്കുളം വാട്ടർഷെഡ് പദ്ധതി. കേന്ദ്രത്തിൽ നിന്നും ദേശീയ നീർമറി വികസന പദ്ധതിയ്ക്കായി സംസ്ഥാനത്തിന് അനുവദിച്ച തുകയ്ക്ക് ആനുപാതികമായി, 36.822 ലക്ഷം രൂപ പൂതക്കുളം പദ്ധതിയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനം 25/02/2008 ൽ ആരംഭിച്ചു. |
| (ബി) നാളിതുവരെ ഏതൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും, ഈ ആവശ്യത്തിലേക്കായി എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) നാളിതുവരെ പദ്ധതിയിൻ കീഴിലെ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളായ പാർശ്വഭിത്തി, ചെക്ക് ഡാം, മൺകയ്യാല, ഫാംറോഡ്, ട്രാക്ടർപാസ്സേജ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്കും, സ്വയം സഹായ സംഘങ്ങൾ/ഉപയോക്തൃ സംഘങ്ങൾ തുടങ്ങിയ ഗ്രൂപ്പുകൾക്ക് വായ്പാവിതരണം, വൃക്ഷതൈ വിതരണം തുടങ്ങിയ സംരംഭങ്ങൾക്കു മായി 34.47 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. |
| (സി) പദ്ധതി പ്രവർത്തനം പൂർത്തീകരിക്കേണ്ടത് എന്നാണെന്ന് അറിയിക്കുമോ; സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) കേന്ദ്ര സർക്കാർ ദേശിയ നീർമറി വികസന പദ്ധതിയ്ക്കായി 2012-13 സാമ്പത്തിക വർഷം വരെയുള്ള തുകയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. വരും വർഷങ്ങളിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർപ്രവർത്തനങ്ങൾ നിർവ്വഹിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ